Draft #6 of File 69358/AD A5-4/2023/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 14-Nov-2023 12:45 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

69358/AD A5-4/2023/എ ഡി എ 5 14.11.2023

# <u>അറിയിപ്പ്</u>

<u>സൂചന : സർവ്വകലാശാല വിജ്ഞാപനം നം . 69358 / ADA5-4/2023/ എ ഡി എ 5 തീയതി . 25.10.2023</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് പഠന വകുപ്പിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ന്റെ താൽക്കാലിക നിയോഗത്തിനായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **2023 നവംബർ 30 വരെ** ദീർഘിപ്പിച്ചിരിക്കുന്നു.

ക്ലിനിക്കൽ സൈക്കോളജി യിലുള്ള എം. ഫിൽ ബിരുദവും , ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയി കുറഞ്ഞത് ഒരു വർഷത്തെ സേവന പരിചയവും ഉള്ള ഉദ്യോഗാർത്ഥികൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in ) ലഭ്യമായ അപേക്ഷാഫോറം ഡൌൺലോഡ് ചെയ്തു പൂരിപ്പിച്ച യോഗ്യത തെളിയിക്കുന്ന സെർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **30.11.2023 ന് വൈകിട്ട് 5 മണിക്ക് മുൻപായി** ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ, രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-686560 എന്ന വിലാസത്തിൽ തപാൽ മുഖേനയോ അയക്കേണ്ടതാണ്.

ഉഷ വി ഡി
അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.69358/AD A5-4/2023/എ ഡി എ 5 — തീയതി: 25.10.2023

**<u>വിജ്ഞാപനം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് പഠനവകുപ്പിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ന്റെ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തെ താൽക്കാലിക നിയമനം നടത്തി സർവ്വകലാശാലയിലെ ഹെൽത്ത് സെന്ററിൽ നിയോഗിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

**തസ്തിക : ക്ലിനിക്കൽ സൈക്കോളജിസ്റ്റ്**

**ഒഴിവ് : 1**

**കാറ്റഗറി : ഓപ്പൺ കോംപെറ്റീഷൻ (OC )**

**വിദ്യാഭ്യാസ യോഗ്യത :. ക്ലിനിക്കൽ സൈക്കോളജിയിലുള്ള എം.ഫിൽ ബിരുദവും, ക്ലിനിക്കൽ സൈക്കോളജിസ്റ്റായി കുറഞ്ഞത് ഒരു വർഷത്തെ സേവനപരിചയവും.**

**വേതനം : പ്രതിമാസം 30,000/-രൂപ (മുപ്പതിനായിരം രൂപ)**

**കാലാവധി: താൽക്കാലിക അടിസ്ഥാനത്തിൽ, പ്രാഥമികമായി ഒരു വർഷത്തേയ്ക്കും, ഓരോ വർഷാന്ത്യത്തിലും നടത്തുന്ന പ്രകടനവിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരമാവധി മൂന്ന് വർഷത്തേയ്ക്കും.**

**വയസ് : 01.01.2023 -ൽ 50 വയസ്സ് കവിയരുത് (പട്ടികജാതി, പട്ടിക വർഗ്ഗ പിന്നോക്കവിഭാഗക്കാർക്ക ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുകൾ ഉണ്ടായിരിക്കുന്നതാണ്).**

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തിനോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, പ്രായം (എസ്.എസ്.എൽ.സി.), വിദ്യാഭ്യാസയോഗ്യത (കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, ഡിഗ്രി, പി. ജി, എം.ഫിൽ സർട്ടിഫിക്കറ്റുകൾ), പ്രവൃത്തി പരിചയം, അധികയോഗ്യത ഉണ്ടെങ്കിൽ ആയതും തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 31.10.2023 തീയതിയ്ക്ക് മുൻപായി ലഭിക്കത്തക്ക വിധം ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ, രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഓ., കോട്ടയം - 686560 എന്ന വിലാസത്തിൽ തപാൽ മുഖേനയോ അയക്കേണ്ടതാണ്.

മേൽപറഞ്ഞ തീയതിക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. നിയമനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥി താൽക്കാലിക നിയമനം സംബന്ധിച്ച് സർവ്വകലാശാലയുമായി ഒരു വർഷത്തെ കരാറിൽ ഏർപ്പെടേണ്ടതാണ് .

**ഡോ.പ്രകാശ് കുമാർ .ബി**

രജിസ്ട്രാർ

Draft #6 of File 69358/AD A5-4/2023/ADA5 Approved by REGISTRAR on 25-Oct-2023 01:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം